(എ)/VII ബി/VII സി, എൽ.ടിVIII,/എൽ.ടിIX,/എൽ.ടി X, ഹൈടെൻഷൻ, /എക്സ്ട്രാ ഹൈടെൻഷൻ , എച്ച്.ടി I എച്ച്.ടി II , എച്ച്.ടി III , എച്ച്.ടി IV, ഇ.എച്ച്.ടി. വിഭാഗം റയിൽ ട്രാക്ഷൻ, മറ്റ് ബൾക്ക് ഉപഭോക്താക്കൾ, ലൈസൻസികൾ എന്നിവയുടെ വൈദ്യുതി നിരക്കുകൾ എത്രയായിരുന്നുവെന്ന് വ്യക്തമാക്കാമോ ;

(ബി) ഇവയിൽ ഓരോ വിഭാഗത്തിലും ഈ സർക്കാർ എത്ര തവണകളായി എത്ര തുകയുടെ വർദ്ധനവ് വരുത്തിയെന്നും ഏതെങ്കിലും വിഭാഗങ്ങൾക്ക് കുറവ് വരുത്തിയോയെന്നും വ്യക്തമാക്കുമോ;

(സി) നിലവിൽ ഇവയ്ക്കുള്ള വൈദ്യുതി നിരക്ക് എത്രയെന്നും വ്യക്തമാക്കുമോ?

ഉത്തരം

(എ-സി) നിലവിലുള്ള സർക്കാർ അധികാരത്തിൽ വന്നശേഷം മൂന്ന് പ്രാവശ്യമാണ് വൈദ്യുതി ചാർജ്ജ് വർദ്ധിപ്പിച്ചത്. 1-7-2012 മുതലും, 1-5-2013 മുതലും 16-8-2014 മുതവും വൈദ്യുതി ചാർജ്ജ് വർദ്ധിപ്പിച്ചിരുന്നു. ഓരോ വിഭാഗം ഉപഭോക്താക്കളുടെ കഴിഞ്ഞ സർക്കാർ അധികാരമൊഴിയുമ്പോഴുള്ള ചാർജ്ജും, തുടർന്നുള്ള നിരക്കുകളും, അതിൻപ്രകാരമുള്ള വർദ്ധനവും, നിലവിലുള്ള നിരക്കും അനുബന്ധമായി കൊടുത്തിരിക്കുന്നു.*

വൈദ്യുതി വിതരണത്തിന് അണ്ടർഗ്രൗണ്ട് കേബിളുകൾ

31 (3184) ശ്രീ. പി. ടി. എ. റഹീം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വൈദ്യുതി വിതരണത്തിലെ തടസ്സങ്ങൾ കുറയ്ക്കുന്നതിന് അണ്ടർഗ്രൗണ്ട് കേബിളുകൾ സ്ഥാപിക്കുന്നതിന് പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ കോഴിക്കോട് ജില്ലയിൽ അണ്ടർ ഗ്രൗണ്ട് കേബിളുകൾ സ്ഥാപിക്കുന്നതിന് നിശ്ചയിച്ചിട്ടുള്ള സ്ഥലങ്ങൾ ഏതെല്ലാമാണ് ;വ്യക്തമാക്കാമോ?

ഉത്തരം

(എ) വിതരണ മേഖല ശക്തിപ്പെടുത്തി ഉപഭോക്താക്കൾക്ക് മെച്ചപ്പെട്ട വൈദ്യുതി ലഭ്യമാക്കുന്നതിനായി കേന്ദ്ര സർക്കാർ ആവിഷ്കരിച്ച് കേരളാ സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡ് നടപ്പിലാക്കിവരുന്ന പദ്ധതിയായ പുനരാവിഷ്കൃത ഊർജ്ജിത ഊർജ്ജ വികസന പരിഷ്കരണ പദ്ധതി (RAPDRP)-യിൽ ഉൾപ്പെട്ടിട്ടുള്ള 11 KV ഭൂഗർഭ കേബിൾ സ്ഥാപിക്കുന്ന പ്രവൃത്തി ആരംഭിച്ചിട്ടുണ്ട്.

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

KP-യിൽ ഉൾപ്പെടുത്തി കോഴിക്കോട് കോർപ്പറേഷൻ പരിധി കേബിൾ സ്ഥാപിച്ചിട്ടുണ്ട്. ഇതുകൂടാതെ കോഴിക്കോട് ന്റെ വിവിധ ഭാഗങ്ങളിലും, കുന്ദമംഗലം, കൊടുവള്ളി, താമരശ്ശേരി, കടലുണ്ടി, ബേപ്പൂർ, പെരുമണ്ണ, പന്നിയങ്കര എന്നി സ്ഥലങ്ങളിലും യ കേബിളുകൾ സ്ഥാപിച്ചുകൊണ്ടിരിക്കുകയാണ്.

വൈദ്യുതി ഉല്പാദനത്തിനായി പ്രഖ്യാപിച്ച പദ്ധതികൾ

32 (3185) ശ്രീ. എ. കെ. ബാലൻ :

ശ്രീ. രാജു എബ്രഹാം :

ശ്രീ. ബി. ഡി. ദേവസ്സി :

ശ്രീ. കെ. കെ. ജയചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാരിന്റെ കാലയളവിൽ ഓരോ ബഡ്ജറ്റുകളിലും വൈദ്യുതി ഉല്പാദനത്തിനായി പ്രഖ്യാപിച്ച പദ്ധതികളുടെ ഇപ്പോഴത്തെ അവസ്ഥ വിലയിരുത്തിയിട്ടുണ്ടോ; വിശദമാക്കാമോ;

(ബി) സർക്കാർ പ്രഖ്യാപിച്ച പദ്ധതികളിലൂടെ എത്ര മെഗാവാട്ട് വൈദ്യുതിയുടെ അധിക ഉല്പാദനമാണ് പ്രതീക്ഷിച്ചിരുന്നത്;

(സി) പ്രസ്തുത ഉല്പാദനലക്ഷ്യം കൈവരിക്കുന്നതിന് സാദ്ധ്യമായിട്ടുണ്ടോ; ഇല്ലെങ്കിൽ അതിന്റെ കാരണം വ്യക്തമാക്കുമോ?

ഉത്തരം

(എ-സി) ഈ സർക്കാരിന്റെ കാലയളവിൽ ഓരോ ബഡ്ജറ്റുകളിലും (2011-12 മുതൽ 2015-16 വരെ) വൈദ്യുത ഉല്പാദനത്തിനായി പ്രഖ്യാപിച്ച പദ്ധതികൾ അനുബന്ധം-I ആയി ചേർത്തിട്ടുണ്ട്. കെ.എസ്.ഇ.ബി.എൽ. നടപ്പിലാക്കിക്കൊണ്ടിരിക്കുന്ന ജലവൈദ്യുത പദ്ധതികളിൽ 39.41 മെഗാവാട്ടിന്റെ ശേഷി വർദ്ധിപ്പിക്കുവാൻ ഈ സർക്കാരിന്റെ കാലയളവിൽ സാധിച്ചു (അനുബന്ധം-2)*. കൂടാതെ ഈ വർഷവും അടുത്ത വർഷവുമായി പൂർത്തീകരിക്കാൻ ഉദ്ദേശിക്കുന്ന 187.6 മെഗാവാട്ടിന്റെ 12 പദ്ധതികളുടെ പ്രവൃത്തികൾ പുരോഗമിക്കുകയാണ് (അനുബന്ധം-3)*. കാറ്റിൽ നിന്നുള്ള പദ്ധതികളിൽ സ്വകാര്യ സംരംഭകരായ INOX-നുകൂടെ കഞ്ചിക്കോട് നടപ്പിലാക്കുന്ന 22 മെഗാവാട്ടിന്റെ പദ്ധതിക്ക് അനർട്ട് സാങ്കേതിക അനുമതി നൽകിയിട്ടുണ്ട്. കൂടാതെ പാലക്കാട് ജില്ലയിലെ അഗളിയിൽ 82 മെഗാവാട്ടിന്റെ പദ്ധതി

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly